വഴിവെളിച്ചം

# ഗുണകാംക്ഷ തെറ്റുചെയ്യുന്നവരോടും

عَنْ ضَمْضَمِ بْنِ جَوْسٍ الْيَمَامِيِّ قَالَ قَالَ لِي أَبُو هُرَيْرَةَ يَا يَمَامِيُّ لَا تَقُولَنَّ لِرَجُلٍ وَاللَّهِ لَا يَغْفِرُ اللَّهُ لَكَ أَوْ لَا يُدْخِلُكَ اللَّهُ الْجَنَّةَ أَبَدًا قُلْتُ يَا أَبَا هُرَيْرَةَ إِنَّ هَذِهِ لَكَلِمَةٌ يَقُولُهَا أَحَدُنَا لِأَخِيهِ وَصَاحِبِهِ إِذَا غَضِبَ قَالَ فَلَا تَقُلْهَا فَإِنِّي سَمِعْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ كَانَ فِي بَنِي إِسْرَائِيلَ رَجُلَانِ كَانَ أَحَدُهُمَا مُجْتَهِدًا فِي الْعِبَادَةِ وَكَانَ الْآخَرُ مُسْرِفًا عَلَى نَفْسِهِ فَكَانَا مُتَآخِيَيْنِ فَكَانَ الْمُجْتَهِدُ لَا يَزَالُ يَرَى الْآخَرَ عَلَى ذَنْبٍ فَيَقُولُ يَا هَذَا أَقْصِرْ فَيَقُولُ خَلِّنِي وَرَبِّي أَبُعِثْتَ عَلَيَّ رَقِيبًا قَالَ إِلَى أَنْ رَآهُ يَوْمًا عَلَى ذَنْبٍ اسْتَعْظَمَهُ فَقَالَ لَهُ وَيْحَكَ أَقْصِرْ قَالَ خَلِّنِي وَرَبِّي أَبُعِثْتَ عَلَيَّ رَقِيبًا قَالَ فَقَالَ وَاللَّهِ لَا يَغْفِرُ اللَّهُ لَكَ أَوْ لَا يُدْخِلُكَ اللَّهُ الْجَنَّةَ أَبَدًا قَالَ أَحَدُهُمَا قَالَ فَبَعَثَ اللَّهُ إِلَيْهِمَا مَلَكًا فَقَبَضَ أَرْوَاحَهُمَا وَاجْتَمَعَا فَقَالَ لِلْمُذْنِبِ اذْهَبْ فَادْخُلِ الْجَنَّةَ بِرَحْمَتِي وَقَالَ لِلْآخَرِ أَكُنْتَ بِي عَالِمًا أَكُنْتَ عَلَى مَا فِي يَدِي خَازِنًا اذْهَبُوا بِهِ إِلَى النَّارِ قَالَ فَوَالَّذِي نَفْسُ أَبِي الْقَاسِمِ بِيَدِهِ لَتَكَلَّمَ بِالْكَلِمَةِ أَوْبَقَتْ دُنْيَاهُ وَآخِرَتَهُ.

**ദംദമുബ്നു ജൗസുൽ യമാമിയോട് അബൂഹുറയ്റ(റ) പറഞ്ഞു: "അല്ലയോ യമാമീ, നീ ഒരാളോടും 'അല്ലാഹുവാണ, അവൻ നിനക്ക് പൊറുത്തുതരികയില്ല' എന്നോ 'അവൻ ഒരിക്കലും നിന്നെ സ്വർഗത്തിൽ കടത്തുകയില്ല' എന്നോ പറയരുത്!" ഞാൻ പറഞ്ഞു: "അബൂഹുറയ്റാ, ഞങ്ങളിൽ പലരും തന്റെ സഹോദരനോടോ കൂട്ടുകാരനോടോ ദേഷ്യപ്പെടുമ്പോൾ ഉപയോഗിക്കാറുള്ള വാക്കാണല്ലോ ഇത്." അദ്ദേഹം പറഞ്ഞു: എന്നാൽ നീ ഒരിക്കലും അപ്രകാരം പറയരുത്. അല്ലാഹുവിന്റെ റസൂൽ ഒരിക്കൽ ഇപ്രകാരം അരുൾ ചെയ്യുന്നത് ഞാൻ കേൾക്കുകയുണ്ടായി: ബനൂ ഇസ്രാഈല്യരായ രണ്ടാളുകളുണ്ടായിരുന്നു. ഒരാൾ ആരാധനകളിൽ മുഴുകി ജീവിതം നയിക്കുന്നവൻ. മറ്റേയാൾ തെറ്റുകുറ്റങ്ങൾ ചെയ്ത് സ്വന്തത്തോട് അതിക്രമം കാട്ടുന്നവൻ. സഹോദരന്മാരായിരുന്നു രണ്ടു പേരും. ഭക്തൻ മറ്റേയാളെ എപ്പോഴും തെറ്റുകാരനായാണ് കാണുക. ഭക്തൻ ഉപദേശിക്കും: 'എടോ, തെറ്റുകുറ്റങ്ങൾ വർജിക്കുക.' തെറ്റു ചെയ്യുന്നവൻ പറയും: 'എന്റെയും എന്റെ രക്ഷിതാവിന്റെയും കാര്യമല്ലേ. നീ വിട്ടുകള. എന്റെ മേൽനോട്ടക്കാരനായാണോ നിന്നെ നിയോഗിച്ചത്!' ഒരിക്കൽ ഗുരുതരമായ മറ്റൊരു തെറ്റു ചെയ്യുന്നതു കണ്ട് ഭക്തൻ വീണ്ടും: 'നാശം! തെറ്റു ചെയ്യുന്നതു നിർത്തുന്നുണ്ടോ നീ.' മറ്റേയാൾ പറഞ്ഞു: 'എന്റെയും എന്റെ രക്ഷിതാവിന്റെയും കാര്യമല്ലേ, വിട്ടുകള. എന്റെ മേൽനോട്ടക്കാരനായാണോ നിന്നെ നിയോഗിച്ചത്?' അപ്പോൾ ഭക്തൻ പറഞ്ഞു: 'അല്ലാഹുവാണ, അവൻ ഒരിക്കലും നിനക്ക് പൊറുത്തുതരികയില്ല; ഒരു നാളും നിന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയുമില്ല.'**

**(നബി തുടർന്നു:) അതിനുശേഷം അല്ലാഹു അവരിലേക്ക് ഒരു മലകിനെ നിയോഗിക്കുകയും അവരുടെ ആത്മാക്കളെ പിടിച്ചെടുക്കുകയും ചെയ്തു. ദൈവസന്നിധിയിൽ അവരെ കൊണ്ടുവന്നു. കുറ്റവാളിയോട് അല്ലാഹു പറഞ്ഞു: 'എന്റെ കാരുണ്യത്താൽ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക' ഭക്തനോട് അല്ലാഹു ചോദിച്ചു: 'എന്നെകുറിച്ച് നീയാണോ കൂടുതൽ അറിയുന്നവൻ? എന്റെ അധികാരാവകാശങ്ങളിൽ എന്തെങ്കിലും പങ്ക് നിനക്കുണ്ടോ?' 'ഇയാളെ നരകത്തിലേക്ക് കൊണ്ടുപോകൂ' എന്ന് അല്ലാഹു കൽപിച്ചു. നബി(സ) പറഞ്ഞു: 'അബുൽ ഖാസിമിന്റെ (നബിയുടെ വിളിപ്പേര്) ആത്മാവ് ആരുടെ കൈയിലാണോ, അവൻ തന്നെ സത്യം. ഒരാൾ ഉച്ചരിക്കുന്ന ഒരു വാക്കുമതി ചിലപ്പോൾ അയാളുടെ ഇഹപരലോകങ്ങൾ ഒന്നടങ്കം താറുമാറാക്കാൻ.'**

തിന്മ ചെയ്യുന്നവരെ വിമർശിക്കുകയും തിരുത്തുകയും ചെയ്യേണ്ടതുതന്നെ. തെറ്റുകുറ്റങ്ങൾ പെരുകിവരുന്ന ഇക്കാലത്ത് പ്രത്യേകിച്ചും. വിശ്വാസത്തിന്റെ അനിവാര്യ താൽപര്യങ്ങളിലൊന്നാണത്. എന്നാൽ വിമർശിക്കുമ്പോഴും തിരുത്തുമ്പോഴും വിശ്വാസികൾ ശ്രദ്ധിക്കേണ്ട ചില മര്യാദകളുമുണ്ട്. സംസ്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായിത്തീരാനും പാരത്രിക പ്രതിഫലം നേടിയെടുക്കാനും അവ പാലിച്ചേ മതിയാകൂ. ഇക്കാര്യം ഓർമപ്പെടുത്തുകയാണ് ഈ തിരുവചനം.

തെറ്റുകുറ്റങ്ങൾ മനുഷ്യസഹജമാണ്. ഒരാളും അതിൽനിന്നൊഴിവല്ല; പാപസുരക്ഷിതത്വം നൽകപ്പെട്ട പ്രവാചകന്മാരൊഴികെ. കുറ്റങ്ങളിലേർപ്പെടുന്നവരെ അധിക്ഷേപിക്കുകയും അവഹേളിക്കുകയുമല്ല ചെയ്യേണ്ടത്. അവർക്കുവേണ്ടി അകമഴിഞ്ഞ് പ്രാർഥിക്കുകയും ഗുണകാംക്ഷയോടെ, അവരെ തെറ്റിൽനിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത്. മറ്റു രീതികൾ തെറ്റിൽ അവരെ ഉറപ്പിച്ചുനിർത്താനും കൂടുതൽ ധിക്കാരികളും നിഷേധികളുമായി അവർ മാറിത്തീരാനുമാണ് കാരണമാവുക.

ഉമർ(റ) പറഞ്ഞു: "നിങ്ങളുടെ സഹോദരന് ഒരു തെറ്റുപറ്റിയാൽ, അയാളെ ആ വീഴ്ചയിൽനിന്ന് പിടിച്ചെഴുന്നേൽപിക്കുക. പിന്നെ നേർമാർഗത്തിൽ നടത്തുക. അയാളിൽ പശ്ചാത്താപവികാരം ഉണരാൻ വേണ്ടിയും അല്ലാഹു അയാൾക്ക് പൊറുത്തുകൊടുക്കാൻ വേണ്ടിയും നിങ്ങൾ പ്രാർഥിക്കുക. നിങ്ങളുടെ സഹോദരന്റെ കാര്യത്തിൽ ഒരിക്കലും പിശാചിനെ സഹായിക്കുന്നവരായി നിങ്ങൾ മാറരുത്" (ശുഅബുൽ ഈമാൻ – 6690).

'സത്യവിശ്വാസികൾ പരസ്പരം ദയകാണിക്കുന്നവരാണ്' എന്ന ഖുർആൻ (48:29) സൂക്തത്തെ ഇബ്നു അബ്ബാസ്(റ) വിശദീകരിക്കുന്നു: "അവരിലെ ദുർവൃത്തൻ സദ്വൃത്തർക്ക് വേണ്ടിയും സദ്വൃത്തൻ ദുർവൃത്തർക്കു വേണ്ടിയും അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ടിരിക്കും. നന്മ ചെയ്യുന്നവരെ കണ്ടാൽ അവർ പറയും: 'അല്ലാഹുവേ, നീ അവർക്ക് നൽകിയിട്ടുള്ള നന്മകളിൽ അവരെ നീ അനുഗ്രഹിക്കുകയും സന്മാർഗത്തിൽ അവരെ ഉറപ്പിച്ചുനിർത്തുകയും ചെയ്യുക; അവരുടെ കർമങ്ങളുടെ പ്രയോജനം ഞങ്ങൾക്ക് കൂടി പ്രദാനം ചെയ്യുക; തെറ്റു ചെയ്യുന്നവരെ കണ്ടാൽ അവർ പറയും: അല്ലാഹുവേ, അവരെ നീ നേർവഴിയിൽ നടത്തേണമേ. അവരുടെ പശ്ചാത്താപം സ്വീകരിക്കുകയും അവരുടെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യേണമേ!"

ഒരിക്കൽ അബുദ്ദർദാഅ്(റ) നടന്നുപോവുമ്പോൾ ജനങ്ങൾ ഒരാളെ രൂക്ഷമായ ഭാഷയിൽ അധിക്ഷേപിക്കുന്നത് കേൾക്കാനിടയായി. അദ്ദേഹം അവരോട് ചോദിച്ചു: 'നിങ്ങളുടെ ഈ സഹോദരൻ ഒരു കിണറ്റിൽ വീണുകിടക്കുകയാണെങ്കിൽ എന്താണ് നിങ്ങൾ ചെയ്യുക? അയാളെ അതിൽനിന്ന് രക്ഷപ്പെടുത്താൻ ശ്രമിക്കില്ലേ?' അവർ പറഞ്ഞു: 'അതെ!' അബുദ്ദർദാഅ്: 'എങ്കിൽ ഈ സഹോദരനെ അധിക്ഷേപിക്കുന്നത് നിർത്തുക. തെറ്റുകളിൽനിന്ന് നിങ്ങൾക്ക് രക്ഷയേകിയ അല്ലാഹുവിനെ സ്തുതിക്കുക.' അവർ ചോദിച്ചു: 'അബുദ്ദർദാഅ്, ഞങ്ങൾ അയാളെ വെറുക്കുന്നതുകൊണ്ട് വിരോധമുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അയാൾ ചെയ്യുന്ന തെറ്റിനോട് മാത്രമാണ് എന്റെ വെറുപ്പ്. അത് ഉപേക്ഷിക്കുന്നതോടെ അയാൾ എന്റെ കൂട്ടുകാരനായി മാറും' (ശുഅബുൽ ഈമാൻ – 6691).

തെറ്റു ചെയ്തുകൊണ്ടിരിക്കുകയല്ലേ, ഇനി തനിക്ക് ദൈവകാരുണ്യവും സ്വർഗവുമൊന്നും കിട്ടാൻ പോകുന്നില്ല എന്നു പറഞ്ഞ് നടക്കുന്ന ഒരു വിഭാഗമുണ്ട്. അവർ മുകളിലുദ്ധരിച്ച തിരുവചനത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. നന്മകൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്ത ഒരാൾ അതിൽ സംഭവിച്ച അബദ്ധം കാരണം നരകത്തിലെത്തിയ കഥയാണ് നബി(സ) വിവരിക്കുന്നത്. അസ്ഥാനത്തുള്ള ഒരു പദപ്രയോഗം അയാളുടെ ഇരുലോക സൗഭാഗ്യങ്ങളെയും അപ്പാടെ തകിടം മറിച്ചുകളഞ്ഞു! വാക്കുകൾ സൂക്ഷിച്ചേ ഉപയോഗിക്കാവൂ എന്ന സന്ദേശവും ഈ ഹദീസ് പകർന്നുനൽകുന്നുണ്ട്.

'നീ നരകാവകാശിയാണ്' 'നിനക്കൊരിക്കലും അല്ലാഹു പൊറുത്തുതരികയില്ല' എന്നെല്ലാം മറ്റുള്ളവരെ അധിക്ഷേപിക്കുമ്പോൾ അതിൽ പറയാതെ പറയുന്ന ചില കാര്യങ്ങളുണ്ട്: നീ നരകാവകാശിയും പാപിയും തെമ്മാടിയുമൊക്കെയാണെങ്കിലും ഞാൻ അത്തരക്കാരനല്ല. ദൈവകാരുണ്യം ലഭിക്കുന്നവനും സ്വർഗപ്രവേശനത്തിന് അർഹത നേടിയവനുമാണ് ഞാൻ. ഞാനാണ് മാതൃക. എന്നെ പിന്തുടരുകയാണ് മറ്റുള്ളവർ ചെയ്യേണ്ടത്. ഈ മനോഭാവം സത്യവിശ്വാസത്തിന്റെ ചൈതന്യത്തിന് നിരക്കുന്നതല്ല. നബി(സ) പറഞ്ഞു: "താൻ സ്വർഗാവകാശിയാണെന്ന് ആരെങ്കിലും അവകാശവാദമുന്നയിച്ചാൽ അതോടെ അയാൾ നരകാവകാശിയായിത്തീരുന്നതാണ്" (ത്വബറാനി).

അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും ആർക്ക് ലഭിക്കും, ആർക്ക് തടയപ്പെടും എന്നൊന്നും ഒരാൾക്കും അറിയില്ല. എല്ലാം അല്ലാഹുവിന്റെ സമ്പൂർണമായ കൈകാര്യകർതൃത്വത്തിലായിരിക്കും. നബി(സ) പറയാറുണ്ടായിരുന്നു: "അല്ലാഹുവാണ, എനിക്കറിയില്ല. അല്ലാഹുവാണ, എനിക്കറിയില്ല; എനിക്കോ നിങ്ങൾക്കോ എന്താണ് സംഭവിക്കുക എന്ന്- ഞാൻ അല്ലാഹുവിന്റെ ദൂതനാണെങ്കിൽ പോലും!" (ബുഖാരി).

ഇമാം അബൂദാവൂദ് 'സഹവർത്തിത്വ മര്യാദ' എന്ന അധ്യായത്തിലും ഇമാം ബൈഹഖി 'ആളുകളുടെ അഭിമാനം ക്ഷതപ്പെടുത്തുന്നത് നിഷിദ്ധം' എന്ന അധ്യായത്തിലുമാണ് ഈ നബിവചനം ഉൾപ്പെടുത്തിയിട്ടുള്ളത്. നന്മ കൽപിക്കുക എന്ന ഉത്തരവാദിത്വനിർവഹണമാണെങ്കിൽപോലും അവിടെയും ആരുടെയും അഭിമാനം വ്രണപ്പെട്ടുകൂടാ. ഇമാം തിർമിദി ഉദ്ധരിക്കുന്ന ഒരു പ്രവാചകവചനം: "തെറ്റു ചെയ്തതിന്റെ പേരിൽ ഒരാൾ തന്റെ സഹോദരനെ പരിഹസിച്ചാൽ ആ തെറ്റ് അയാളും ആവർത്തിച്ചിട്ടല്ലാതെ അല്ലാഹു അയാളെ മരിപ്പിക്കുകയില്ല" (തിർമിദി).

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം അബൂദാവൂദ്, അഹ്മദ്, ബൈഹഖി, ഇബ്നു ഹിബ്ബാൻ തുടങ്ങിയവർ ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. ഇതിന്റെ നിവേദകപരമ്പര ഹസൻ ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ ശുഐബ് അൽ അർനഊത്വ് *അൽ മൗസൂഅത്തുൽ ഹദീസിയ്യ* എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നു.